കേരളകൗമുദി
18 ജൂലായ് 2017 ചൊവ്വ
തിരുവനന്തപുരം
www.keralakaumudi.com www.facebook.com/keralakaumudi

സാധാരണക്കാരെ സർക്കാർ വഞ്ചിച്ചു: ചെന്നിത്തല

തിരുവനന്തപുരം: സ്വാശ്രയ മെഡിക്കൽ ഫീസ് നിശ്ചയിച്ചതിൽ സർക്കാർ പാവപ്പെട്ടവരെയും സാധാരണക്കാരെയും വഞ്ചിച്ചിരിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഫീസിൽ നക്കാപ്പിച്ച കുറവ് വരുത്തുക മാത്രമാണ് സർക്കാർ ചെയ്തതെന്നും മാദ്ധ്യമ പ്രവർത്തകരോട് അദ്ദേഹം പറഞ്ഞു. രണ്ട് നിമിഷം കൊണ്ട് പാകം ചെയ്ത നൂഡിൽസ് എന്നാണ് സ്വാശ്രയ ഓർഡിനൻസിനെ ഹൈക്കോടതി വിമർശിച്ചത്.

മൗലികാവകാശത്തിൽ കൈകടത്താൻ ശ്രമം: മുഖ്യമന്ത്രി

തിരുവനന്തപുരം: എന്ത് ധരിക്കണം, എന്ത് ഭക്ഷിക്കണം കഴിക്കണം എന്നത് ഓരോ പൗരന്റെയും മൗലികാവകാശമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതിൽ കൈകടത്താനും ആർ.എസ്.എസിന്റെ തീവ്രവർഗീയ അജൻഡയ്ക്ക് അനുസരിച്ച് സമൂഹത്തെ മാറ്റിയെടുക്കാനുമുള്ള ശ്രമം ഗുരുതരമായ പൗരാവകാശ ലംഘനമാണെന്നും ഫേസ്ബുക്ക് പോസ്റ്റിൽ അദ്ദേഹം കുറിച്ചു.

ഷഫീഖ് റഹ്മാൻ ഡയറക്ടർ ഒഫ് പ്രോസിക്യൂഷൻ

കൊച്ചി: സംസ്ഥാന പ്രോസിക്യൂഷൻ ഡയറക്ടറായി എസ്. ഷഫീഖ് റഹ്മാനെ നിയമിച്ചു. കായംകുളം സ്വദേശിയാണ്. മലപ്പുറം, ആലപ്പുഴ ജില്ലകളിൽ പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറായിരുന്നു. രാമങ്കരി, ഹരിപ്പാട്, ചെങ്ങന്നൂർ, കരുനാഗപ്പള്ളി, കൊല്ലം എന്നിവിടങ്ങളിൽ എ. പി. പിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിൽ ഇ. എൻ. ടി സ്പെഷ്യലിസ്റ്റ് ഡോ. മെഹറുന്നിസ ഭാര്യയും വിദ്യാർത്ഥികളായ ഫാരിസ് റഹ്മാൻ, ബിൻയാമിൻ എന്നിവർ മക്കളുമാണ്.

കോഴിവില വർദ്ധിപ്പിച്ചു

തിരുവനന്തപുരം: ഇറച്ചിക്കോഴിക്ക് ധനമന്ത്രി ഡോ. തോമസ് ഐസക് നിശ്ചയിച്ച വില വ്യാപാരികൾ തിരുത്തി. കോഴിക്ക് 115 രൂപയും ഇറച്ചിക്ക് 170 രൂപയും വില നിശ്ചയിച്ചതായി വ്യാപാരി വ്യവസായി ഏകോപന സമിതി അറിയിച്ചു. എന്നാൽ, കോഴിവില വർദ്ധിപ്പിച്ചിട്ടില്ലെന്ന് ധനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. വ്യാപാരികളുമായി മന്ത്രി ഫോണിൽ ബന്ധപ്പെട്ടിരുന്നു. വിലവർദ്ധിപ്പിക്കുന്ന കാര്യം പറഞ്ഞിട്ടില്ലെന്നാണ് മന്ത്രിയുടെ ഓഫീസ് നൽകുന്ന വിശദീകരണം.

കോഴിക്ക് 87 രൂപയും കോഴിയിറച്ചിക്ക് 158 രൂപയുമാണ് ധനമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം വില നിശ്ചയിച്ചത്. വില നിശ്ചയിച്ച അടുത്ത ദിവസം തന്നെ ഭൂരിഭാഗം കച്ചവടക്കാരും അത് തള്ളിയിരുന്നു.

സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ 20ന് വിദ്യാഭ്യാസ ബന്ത്

തിരുവനന്തപുരം: നഴ്സിംഗ് പ്രശ്നം ഉടൻ പരിഹരിക്കണമെന്നാവശ്യപ്പെട്ടും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചും 20ന് സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ വിദ്യാഭ്യാസ ബന്ത് നടത്തുമെന്ന് എ.ബി.വി.പി ദേശീയ സെക്രട്ടറി ഒ. നിധീഷ് അറിയിച്ചു. സ്വാശ്രയ മെഡിക്കൽ ഫീസ് വിഷയത്തിൽ കോടതി വിധി സർക്കാരിന്റെ വിജയമാണെന്ന് വാദിക്കുമ്പോൾ ഇടതു പ്രസ്ഥാനങ്ങൾ നേരത്തേ നടത്തിയ സ്വാശ്രയസമരം കള്ളത്തരമായിരുന്നു എന്ന് സമ്മതിക്കലാണ്. കേസിൽ എ.ബി.വി.പി കക്ഷിചേരും.

ബാലറ്റ് പെട്ടി ഡൽഹിയിലെത്തി

തിരുവനന്തപുരം: രാജ്യത്തിന്റെ പതിന്നാലാമത് രാഷ്ട്രപതി തിരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പിൽ കേരള നിയമസഭയിൽ 138 അംഗങ്ങൾ വോട്ട് രേഖപ്പെടുത്തി. രാവിലെ പത്തിന് ആരംഭിച്ച വോട്ടെടുപ്പ് അവസാനിച്ചത് മൂന്നര മണിക്ക്. അഞ്ച് മണി വരെയായിരുന്ന പോളിംഗ് സമയം. കേരളത്തിലെ വോട്ടെടുപ്പിന്റെ ചുമതല നിയമസഭാ സെക്രട്ടറി വി.കെ. ബാബു പ്രകാശിനായിരുന്നു. വോട്ടെടുപ്പ് സമയം അവസാനിച്ച ശേഷം നിയമസഭാ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ ബാലറ്റ് പെട്ടി അടച്ചുപൂട്ടി മുദ്രവച്ചു. വൈകിട്ട് ആറരയോടെ കനത്ത സുരക്ഷാവലയത്തിൽ വിമാനത്താവളത്തിലെത്തിച്ച്, എയർ ഇന്ത്യ പ്രത്യേക വിമാനത്തിൽ നിയമസഭാ സെക്രട്ടറിയും സെക്ഷൻ ഓഫീസർ കൃഷ്ണൻകുട്ടിയും ചേർന്ന് ഡൽഹിയിലെത്തിച്ചു.

സിഗരറ്റിന് 5% സെസ്: വിലകൂടിയേക്കും

ന്യൂഡൽഹി: സിഗരറ്റിന് 28 ശതമാനം ജി.എസ്.ടിക്ക് പുറമെ അഡ്‌വെലോറം സെസ് ഇനത്തിൽ അഞ്ചു ശതമാനം അധിക നികുതി കൂടി ഈടാക്കാൻ ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചു. ജി.എസ്.ടിയിലെ ആശയക്കുഴപ്പം മുതലെടുത്ത് സിഗരറ്റ് കമ്പനികൾ ലാഭമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് തീരുമാനം. ഇതുവഴി സർക്കാരിന് 5000 കോടി രൂപയുടെ അധിക വരുമാനമുണ്ടാകും. 65എം.എം വരെ വലുപ്പമുള്ള സിഗരറ്റിന് ആയിരത്തിന് 485 രൂപ വച്ചും വലുപ്പം കൂടിയവയ്ക്ക് ആയിരത്തിന് 792 രൂപയുമാണ് ഈടാക്കുക. പുതിയ സെസ് ഇന്നലെ അർദ്ധരാത്രി മുതൽ നിലവിൽ വന്നു. പുതിയ നികുതി സിഗരറ്റ് കമ്പനികൾ ഉപഭോക്താക്കളിലേക്ക് കൈമാറിയാൽ സിഗരറ്റിന് ഇന്നുമുതൽ വില കൂടാനിടയുണ്ട്.

രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനായി നിയമസഭയിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ

ഒന്നാം വോട്ട് തിരുവഞ്ചൂർ വക

രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: ഇൻ ഏജന്റാണെങ്കിലും തിരുവഞ്ചൂർ രാധാകൃഷ്ണൻ പോളിംഗ് ബൂത്തിന് പുറത്തൊക്കെ കറങ്ങി നടക്കുകയാണ്. ചോദിച്ചപ്പോൾ പറഞ്ഞു: ശർമ്മയുണ്ടല്ലോ അകത്ത്. ഒരാളിരുന്നാൽ മതി.

സി.പി.എമ്മിന്റെ എസ്. ശർമ്മയും കോൺഗ്രസിന്റെ തിരുവഞ്ചൂർ രാധാകൃഷ്ണനും ഒരേ സ്ഥാനാർത്ഥിയുടെ ഇൻ ഏജന്റുമാരായിരിക്കുന്ന കൗതുകമുണ്ടായിരുന്നു ഇന്നലെ നിയമസഭാ മന്ദിരത്തിൽ രാഷ്ട്രപതി തിരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പിന്. ഇരുവരുടെയും സ്ഥാനാർത്ഥി മീരാകുമാർ. ഇടയ്ക്ക് ശർമ്മ പുറത്തേക്കിറങ്ങുമ്പോൾ അകത്ത് കാവലാളായി തിരുവഞ്ചൂർ രാധാകൃഷ്ണൻ.

വോട്ടറും ഇൻ ഏജന്റും ഒരാൾ തന്നെയാണ് എൻ.ഡി.എ സ്ഥാനാർത്ഥി രാംനാഥ് കോവിന്ദിന്, ഒ. രാജഗോപാൽ. രാവിലെ പത്ത് മണിക്കാരംഭിച്ച വോട്ടെടുപ്പിന് തുടക്കത്തിൽ നീണ്ട ക്യൂ. ആദ്യവോട്ട് ചെയ്തത് യു.ഡി.എഫ് ഇൻ ഏജന്റ് തിരുവഞ്ചൂർ രാധാകൃഷ്ണനാണ്. തൊട്ടുപിന്നാലെ സി.പി.എമ്മിന്റെ പ്രധാന നേതാവ് ഇ.പി. ജയരാജൻ. എം. വിൻസെന്റും പി.ടി. തോമസും അനിൽ അക്കരെയും കഴിഞ്ഞ് ആറാമനായി വോട്ട് ചെയ്യാനുള്ള നിയോഗം മുഖ്യമന്ത്രി പിണറായി വിജയന് ലഭിച്ചു. വരി തെറ്റിച്ച് കയറിപ്പോയ മുഖ്യമന്ത്രിക്ക് മറ്റ് വോട്ടർമാർ വഴങ്ങിക്കൊടുത്തു. ഇടതുമുന്നണിയോഗം അടക്കം തിരക്കേറിയ ഷെഡ്യൂളായിരുന്നു മുഖ്യമന്ത്രിക്ക്.

പത്തരയോടെ ബൂത്തിൽ തിരക്കൊഴിഞ്ഞു. ആദ്യം വന്നപ്പോൾ നീണ്ട ക്യൂ കണ്ട് മടങ്ങിപ്പോയ ഉമ്മൻചാണ്ടിയും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും പത്തര മണിയോടെ എത്തി വോട്ട് ചെയ്തു. 10.40നാണ് ഒ. രാജഗോപാൽ വോട്ട് ചെയ്തത്. 11.05ഓടെയാണ് ഭരണപരിഷ്കാര കമ്മിഷൻ അദ്ധ്യക്ഷൻ വി.എസ്. അച്യുതാനന്ദന്റെ വരവ്. വി.എസ് വോട്ട് ചെയ്ത് മടങ്ങുന്നത് കാത്തുനിന്ന മന്ത്രി തോമസ് ഐസക്, മണ്ഡലത്തിലെ ഒരു പരിപാടിക്ക് വി.എസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കി.

കെ.എം. മാണിയുടെ ആറംഗ പ്രത്യേക ബ്ലോക്ക് ഉച്ചയ്ക്ക് 12.05ന് ഒരുമിച്ചെത്തി വോട്ട് ചെയ്ത് മടങ്ങി. 12 മണിയോടെ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ വോട്ട് ചെയ്യാനെത്തി.

ഒന്നരയ്ക്ക് എത്തുമെന്നറിയിച്ച വീണാ ജോർജും കെ.ജെ. മാക്സിയും ഉച്ച കഴിഞ്ഞും വരാതായതോടെ എസ്. ശർമ്മയ്ക്കും ഉത്കണ്ഠയായി. 3 മണിക്ക് വീണാ ജോർജ് എത്തി. മൂന്നരയോടെ മാക്സിയും. 139 പേരിൽ ചെന്നൈയിൽ ചികിത്സയിലുള്ള പാറയ്ക്കൽ അബ്ദുള്ള ഒഴിച്ചെല്ലാവരും ഇവിടെ വോട്ട് ചെയ്തു. അബ്ദുള്ള ചെന്നൈ അസംബ്ലിയിലും.

രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ നിയമസഭയിൽ എത്തിയ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മയും

2 ലക്ഷം നിക്ഷേപകർക്ക് നോട്ടീസ്

ലക്ഷ്യം സഹ. സംഘങ്ങളിലെ കള്ളപ്പണം കണ്ടെത്തൽ

എം.എം. സുബൈർ

തിരുവനന്തപുരം: നോട്ട് നിരോധനത്തെ തുടർന്ന് സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെത്തിയ കണക്കിൽപ്പെടാത്ത വൻ നിക്ഷേപങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയാണ് നിക്ഷേപകർക്ക് നോട്ടീസ് അയയ്ക്കാനുള്ള ആദായനികുതി വകുപ്പിന്റെ നടപടിക്ക് പിന്നിലെ ലക്ഷ്യം.

എല്ലാ വിഭാഗം നിക്ഷേപകർക്കും നോട്ടീസയച്ച് അവരെ നികുതിവലയ്ക്കുള്ളിൽ എത്തിക്കുന്നതോടൊപ്പം, കള്ളപ്പണക്കാരെ കണ്ടെത്തി നികുതി ഈടാക്കാനും ഉദ്ദേശ്യമുണ്ട്.

സഹകരണ സംഘങ്ങളിൽ പതിനായിരം കോടിയലധികം രൂപയുടെ കള്ളപ്പണ നിക്ഷേപമുണ്ടെന്നാണ് ആദായ നികുതി വകുപ്പിന് ലഭിച്ച പ്രഥമിക വിവരം. 2012-ന് മുമ്പ് സർവീസിൽ നിന്ന് വിരമിച്ച ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥൻ അതിന് ശേഷം നികുതി റിട്ടേൺ ഫയൽ ചെയ്യില്ല. വിരമിക്കുമ്പോൾ ലഭിക്കുന്ന തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കും. പ്രതിമാസ പെൻഷൻ 40,000ത്തിന് മുകളിലായിരിക്കും. സഹകരണസംഘത്തിൽ നിക്ഷേപിച്ച 20 ലക്ഷത്തിന് മുകളിലുള്ള തുകയുടെ പലിശ കൂടിയാകുമ്പോൾ നികുതി വലയ്ക്കുള്ളിൽ വരും.

പക്ഷേ, റിട്ടേൺ സമർപ്പിക്കുമ്പോൾ സഹകരണ ബാങ്കിലെ നിക്ഷേപത്തെക്കുറിച്ച് സൂചിപ്പിക്കില്ല. ആദായനികുതി വകുപ്പിന്റെ നോട്ടീസിന് നൽകുന്ന മറുപടിയിൽ ഇക്കാര്യം സൂചിപ്പിച്ചില്ലെങ്കിൽ നികുതി വലയിൽപ്പെടും. പാൻ കാർഡ് നമ്പർ വഴി സംഘത്തിലെ നിക്ഷേപ വിവരങ്ങൾ ആദായ നികുതി വകുപ്പിന് ലഭിക്കുമെന്നത് തന്നെ കാരണം. ആദായ നികുതി വകുപ്പ് നിഷ്കർഷിച്ച നിക്ഷേപകരുടെ കെ.വൈ.സി വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾ തയ്യാറായിരുന്നില്ല.

പലിശ കൂടുതൽ കിട്ടുമെന്നതിലുപരി, രഹസ്യ നിക്ഷേപമെന്ന നിലയ്ക്കാണ് ഇതിനെ പലരും കണ്ടത്.

ഭൂമി വിറ്റവരും കുടുങ്ങും

പരമ്പരാഗതമായി ലഭിച്ചതും അല്ലാത്തതുമായ ഭൂമി വിറ്റുകിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവരും കുടുങ്ങും. ഭൂമി വിൽക്കുമ്പോൾ സർക്കാർ നിയമപ്രകാരം ന്യായവിലയ്ക്കനുസരിച്ചുള്ള രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും നൽകിയാൽ മതി. ന്യായവില നിലവിലുള്ള വിപണി വിലയുടെ ആറിലൊന്ന് പോലും വരില്ല. ഇത് മാത്രമേ രേഖകളിൽ കാണൂ. ഭൂമിക്കച്ചവടത്തിലെ സിംഹഭാഗം തുകയും കള്ളപ്പണമായി മാറുന്നു. ഇതാണ് പലരും രഹസ്യമായി സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചത്.

KAUMUDI FOLLOW UP

കഴിഞ്ഞ വർഷത്തെ നികുതി ഘടന

- ■ വാർഷിക വരുമാനം ഒരു ലക്ഷം വരെ നികുതിയില്ല. മുതിർന്ന പൗരന്മാർക്ക് 50000 രൂപയുടെ ഇളവ്
- ■ രണ്ട് മുതൽ അഞ്ച് ലക്ഷം വരെ - 10 % നികുതി
- ■ അഞ്ച് ലക്ഷം മുതൽ പത്ത് ലക്ഷം വരെ 20 %
- ■ പത്ത് ലക്ഷത്തിന് മുകളിൽ - 30 %
- ■ ഈ വർഷം ആദ്യഘട്ടത്തിലെ മൂന്ന് മുതൽ അഞ്ച് ലക്ഷം വരെ - 5%

> സഹകരണ ബാങ്കുകളിൽ നിന്ന് ആദായനികുതി ഈടാക്കാനുള്ള നടപടിയിൽ നിക്ഷേപകർ പരിഭ്രാന്തരാകേണ്ട. ആദായനികുതി ഒടുക്കുന്ന വേളയിൽ സഹകരണ ബാങ്കുകളിൽ നിന്ന് ലഭിച്ച പലിശ വരുമാനം ബാങ്കുകളുടെ സാക്ഷ്യപത്രം സഹിതം സമർപ്പിക്കാനാണ് ആവശ്യപ്പെടുന്നത്. മറ്റ് ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പാലിക്കേണ്ട നടപടിക്രമത്തിന് സമാനമാണിത്.
>
> മന്ത്രി കടകംപള്ളി സുരേന്ദ്രൻ

മതസ്പർദ്ധയുണ്ടാക്കുന്ന പരാമർശം

സെൻകുമാറിന് ഇടക്കാല ജാമ്യം

കൊച്ചി: മതസ്പർദ്ധയുണ്ടാക്കുന്ന പരാമർശം നടത്തിയെന്നാരോപിച്ച് പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ മുൻ ഡി.ജി.പി ടി.പി. സെൻകുമാറിന് ഹൈക്കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. സെൻകുമാറിനെ അറസ്റ്റ് ചെയ്താൽ 30,000 രൂപയുടെ ബോണ്ടും രണ്ട് ആൾജാമ്യവും വ്യവസ്ഥ ചെയ്ത് ജാമ്യം അനുവദിക്കണമെന്ന് സിംഗിൾബെഞ്ചിന്റെ ഇടക്കാല ഉത്തരവിൽ പറയുന്നു.

ഒരു ഓൺലൈൻ പ്രസിദ്ധീകരണത്തിനു നൽകിയ അഭിമുഖത്തിൽ മതസ്പർദ്ധ വളർത്തുന്ന പരാമർശം നടത്തിയെന്നാരോപിച്ച് തിരുവനന്തപുരത്തെ സൈബർ ക്രൈം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ മുൻകൂർ ജാമ്യം തേടി സെൻകുമാർ നൽകിയ ഹർജിയാണ് ഹൈക്കോടതി പരിഗണിച്ചത്.

സെൻകുമാറിന്റെ അഭിമുഖം പൂർണമായും പരിശോധിച്ചിരുന്നോയെന്ന് കോടതി ആരാഞ്ഞു. അഭിമുഖത്തിലെ ചില വാക്കുകളുടെ പേരിൽ നടപടിയെടുക്കാനാവില്ല. സെൻകുമാറിനെ അറസ്റ്റ് ചെയ്യേണ്ട ആവശ്യകത എന്താണെന്നും വാക്കാൽ ചോദിച്ചു. എന്നാൽ പ്രോസിക്യൂഷൻ മുൻകൂർ ജാമ്യാപേക്ഷയെ എതിർത്തു. ഓൺലൈൻ പ്രസിദ്ധീകരണത്തിന് അഭിമുഖം റെക്കാഡ് ചെയ്യാൻ അനുമതി നൽകിയിരുന്നില്ലെന്നും സൗഹൃദ സംഭാഷണമാണ് നടത്തിയതെന്നും സെൻകുമാറിന്റെ ഹർജിയിൽ പറയുന്നു. ഭീകര സംഘടനയായ ഐസിസിനെക്കുറിച്ച് വ്യക്തിപരമായ അഭിപ്രായം പറഞ്ഞിരുന്നു. കേരളത്തിലെ ഐസിസിന്റെ വളർച്ചയെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചതിനൊപ്പം പൊലീസ് മേധാവി നടപടിയെടുക്കുമെന്ന പ്രത്യാശയും പങ്കുവച്ചിരുന്നു.

എന്നാൽ ഓൺലൈൻ മീഡിയ ഇതിന്റെ എഡിറ്റ് ചെയ്ത രൂപമാണ് പ്രസിദ്ധീകരിച്ചത്. മുസ്ലിം ജനസംഖ്യ വർദ്ധിക്കുന്നതു സംബന്ധിച്ച പരാമർശമാണ് മതസ്പർദ്ധ വളർത്തുന്ന പ്രസ്താവനയായി ആരോപിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 2010 മുതൽ 2015 വരെയുള്ള കണക്കുകൾ കൈവശമുണ്ട്. നിയമവിരുദ്ധമായൊന്നും ചെയ്തിട്ടില്ല. ഡി.ജി.പിയായിരിക്കെ ചില ഉന്നത ഉദ്യോഗസ്ഥരുമായുണ്ടായിരുന്ന അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ അപമാനിക്കാനാണ് ഇത്തരമൊരു കേസ് രജിസ്റ്റർ ചെയ്തതെന്നും സൗഹൃദ സംഭാഷണം അഭിമുഖമെന്ന പേരിൽ പ്രസിദ്ധീകരിച്ചതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാനാവില്ലെന്നും ഹർജിയിൽ പറയുന്നു.

ദിലീപിന്റെ ഭൂമി കൈയേറ്റം: വിജി. അന്വേഷണം നടത്താൻ നഗരസഭ കൗൺസിൽ തീരുമാനം

ചാലക്കുടി: ദിലീപിന് സിനിമ തിയേറ്റർ നിർമ്മിക്കുന്നതിന് അനധികൃതമായി സഹായം ചെയ്തു കൊടുത്തുവെന്ന പരാതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെടാൻ ചാലക്കുടി നഗരസഭാ കൗൺസിൽ യോഗം തീരുമാനിച്ചു.

കഴിഞ്ഞ യു.ഡി.എഫ് ഭരണ സമിതിയുടെ കാലത്ത് നടന്ന തിയേറ്റർ നിർമ്മാണത്തിൽ വ്യാപക ക്രമക്കേട് നടന്നിട്ടുണ്ടെന്ന് ചെയർപേഴ്സൺ ഉഷാ പരമേശ്വരൻ പറഞ്ഞു.

എന്നാൽ മറ്റൊരു വിഷയത്തെച്ചൊല്ലി വാക്കൗട്ട് നടത്തിയതിനാൽ തിയേറ്റർ വിഷയം ചർച്ചയ്ക്കെടുത്തപ്പോൾ പ്രതിപക്ഷാംഗങ്ങൾ യോഗത്തിലുണ്ടായിരുന്നില്ല. 2014ൽ നടന്ന നഗരസഭയുടെ ടൗൺഹാൾ നിർമ്മാണത്തിന് രേഖാമൂലവും അല്ലാതെയും അന്നത്തെ നഗരസഭാ ചെയർമാൻ ദിലീപിന്റെ പക്കൽ നിന്നും വൻതുക കോഴവാങ്ങിയെന്നും അതേക്കുറിച്ച് അന്വേഷിക്കണമെന്നും വി.ജെ. ജോജി, എം.എം. ജിജൻ, വി.സി. ഗണേശൻ എന്നിവർ ആവശ്യപ്പെട്ടു.

ഇത്തരം കേസുകൾ ലാഘവത്തോടെ കാണാനാവില്ല: കോടതി

കൊച്ചി: ഇത്തരം കേസുകൾ ലാഘവത്തോടെ കാണാൻ കഴിയില്ലെന്ന സന്ദേശം സമൂഹത്തിന് നൽകാൻ കൂടിയാണ് ദിലീപിന്റെ ജാമ്യാപേക്ഷ തള്ളിയതെന്ന് അങ്കമാലി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി ഉത്തരവിൽ പറയുന്നു. ഇന്നലെയാണ് ഉത്തരവിന്റെ പൂർണരൂപം പുറത്തു വന്നത്. സമാന രീതിയിൽ കുറ്റക്കാരായ ക്രിമിനലുകൾക്കുള്ള കോടതിയുടെ സന്ദേശമാണിത്. ആരോപണങ്ങൾ ഗൗരവമുള്ളതാണ്. പ്രതിക്ക് ജാമ്യം നൽകിയാൽ തെളിവുകൾ നശിപ്പിക്കാനിടയുണ്ടെന്ന വാദത്തിലും കഴമ്പുണ്ട്. ഉത്തരവിൽ പറയുന്നു.

തെരുവു നായ കേസ്

പഞ്ചായത്ത് അംഗങ്ങൾക്കെതിരായ കോടതിയലക്ഷ്യ നടപടി അവസാനിപ്പിച്ചു

കോടതിച്ചെലവ് ആവശ്യപ്പെട്ട് നഗരസഭാ ചെയർമാൻ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കോടതി ഉത്തരവ് മറികടന്ന് തെരുവു നായ്ക്കളെ പരസ്യമായി കൊന്നതിനെതിരെയുള്ള കോടതിയലക്ഷ്യ കേസിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ നേരിട്ട് ഹാജരായി നിരുപാധികം മാപ്പ് പറഞ്ഞതിനെ തുടർന്ന് സുപ്രീംകോടതി നടപടികൾ അവസാനിപ്പിച്ചു.

കിഴവിലം പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എ.എസ്. ശ്രീകണ്ഠൻ, പഞ്ചായത്ത് അംഗങ്ങളായ ബിജു കുമാർ, എ. ഷാജഹാൻ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അംഗം മഞ്ജു പ്രദീപ് എന്നിവർക്കെതിരായ നടപടികളാണ് അവസാനിപ്പിച്ചത്. ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന് മുൻപാകെ അഡ്വ. രമേശ് ബാബു മുഖേനയാണ് ഇവർ മാപ്പ് അപേക്ഷിച്ചത്. സംഭവത്തിൽ നേരിട്ട് ബന്ധപ്പെട്ടിട്ടില്ലെങ്കിലും കേസുമായി മുന്നോട്ട് പോകാൻ താത്പര്യമില്ലാത്തതിനാൽ നിരുപാധികം മാപ്പ് അപേക്ഷിക്കുകയാണെന്ന് സത്യവാങ്മൂലത്തിലൂടെ ഇവർ വ്യക്തമാക്കി.

അതേസമയം, കേസിൽ പ്രതിസ്ഥാനത്തുള്ള ആറ്റിങ്ങൽ നഗരസഭാ ചെയർമാൻ എം. പ്രദീപ് കേസുമായി മുന്നോട്ട് പോകുമെന്ന് അറിയിച്ചു. താൻ ഭാഗമല്ലാത്ത സംഭവത്തിൽ തന്നെ പ്രതിയാക്കിയിരിക്കുകയാണ്. അതിനാൽ വണ്ടിച്ചെലവും കോടതി ചെലവും ഹർജിക്കാരിയിൽ നിന്ന് ഈടാക്കി നൽകണമെന്നും പ്രദീപിന് വേണ്ടി ഹാജരായ അഡ്വ. പി.വി. ദിനേശ് വാദിച്ചു. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ ബോധിപ്പിക്കാനുണ്ടെന്ന പ്രദീപിന്റെ വാദം കണക്കിലെടുത്ത് കോടതി മൂന്നാഴ്ച സമയം നൽകി.

നായ്ക്കളെ കൊല്ലാൻ നേതൃത്വം നൽകിയ കേസിലെ ഒന്നും രണ്ടും പ്രതികളായ ജോസ് മാവേലിയും സഹായിയായ രഞ്ജൻ വാരാപ്പുഴയും ഇന്നലെ നേരിട്ട് ഹാജരായിരുന്നില്ല. മറുപടി നൽകാൻ ഇവർക്കും മൂന്നാഴ്ച സമയം അനുവദിച്ചു.

ഏപ്രിൽ ഏഴിന് കിഴവിലം കാട്ടുംപുറം ചരുവിളവീട്ടിൽ കുഞ്ഞുകൃഷ്ണൻ (85) തെരുവ് നായ്ക്കളുടെ കടിയേറ്റ് മരിച്ചു. തുടർന്ന് അടുത്ത ദിവസം നാട്ടുകാർ സംഘടിച്ച് പ്രദേശത്തെ ആക്രമണകാരികളായ തെരുവ് നായ്ക്കളെ പിടികൂടി കൊന്നിരുന്നു. ഇതിനെതിരെ നികിത ആനന്ദ് നൽകിയ കോടതിയലക്ഷ്യ കേസിലാണ് നടപടി.

മുകേഷിന്റെയും അൻവർ സാദത്തിന്റെയും മൊഴിയെടുത്തു

■ സുനി കുടുംബ സുഹൃത്തായിരുന്നു: മുകേഷ് ■ ദിലീപ് ബാല്യകാല സുഹൃത്ത്: അൻവർ സാദത്ത്

തിരുവനന്തപുരം: കൊച്ചിയിൽ യുവനടിയെ ആക്രമിച്ച കേസിൽ എം.എൽ.എമാരായ മുകേഷിന്റെയും അൻവർ സാദത്തിന്റെയും മൊഴി അന്വേഷണസംഘം രേഖപ്പെടുത്തി. രാഷ്ട്രപതി തിരഞ്ഞെടുപ്പിന് വോട്ടു ചെയ്യാനെത്തിയ ഇരുവരുടെയും മൊഴി എം.എൽ.എ ഹോസ്റ്റലിലെത്തിയാണ് പറവൂർ സി.ഐ ക്രിസ്പിൻ സാമിന്റെ നേതൃത്വത്തിലുള്ള സംഘം രേഖപ്പെടുത്തിയത്. ചോദ്യാവലി വച്ചുള്ള മൊഴിയെടുപ്പ് ഒന്നര മണിക്കൂറോളം നീണ്ടു.

പൾസർ സുനിയുമായുള്ള ബന്ധത്തെക്കുറിച്ചാണ് മുകേഷിനോട് ചോദിച്ചത്. സുനിയെ അറിയാമായിരുന്നെന്നും ഒരുവർഷം തന്റെ ഡ്രൈവറായിരുന്നെന്നും അമിത വേഗതയിൽ വണ്ടിയോടിക്കുന്നത് കാരണം ജോലിയിൽ നിന്ന് പറഞ്ഞുവിട്ടെന്നും മുകേഷ് മൊഴിനൽകിയതായി അന്വേഷണ സംഘം പറഞ്ഞു. താനുമായും കുടുംബവുമായും നല്ല ബന്ധമായിരുന്നു സുനിക്ക്. അയാൾ ക്രിമിനലാണെന്നും പൊലീസ് തെരച്ചിൽ നോട്ടീസ് പുറപ്പെടുവിച്ചയാളാണെന്നും അറിയില്ലായിരുന്നു. സുനിയുമായി സൗഹൃദത്തിലാണ് പിരിഞ്ഞതെന്നും മുകേഷ് മൊഴി നൽകി. ദിലീപുമായുള്ള ബന്ധത്തെക്കുറിച്ചാണ് അൻവർ സാദത്തിനോട് ചോദിച്ചത്. ദിലീപ് കുട്ടിക്കാലം മുതലുള്ള സുഹൃത്താണെന്നും ഇപ്പോഴും നല്ല ബന്ധത്തിലാണെന്നും സാദത്ത് മൊഴിനൽകി. നടി ആക്രമിക്കപ്പെട്ട ദിവസം അൻവർ സാദത്ത് ദിലീപുമായി ഏറെസമയം ഫോണിൽ സംസാരിച്ചിരുന്നു. ഇതിന്റെ വിവരങ്ങളും അന്വേഷണസംഘം തേടിയിട്ടുണ്ട്. എം.എൽ.എമാരുടെ മൊഴികൾ പൂർമായി വിശ്വാസത്തിലെടുത്തിട്ടില്ലെന്ന് അന്വേഷണസംഘം വ്യക്തമാക്കി. ആവശ്യമെങ്കിൽ ഇരുവരെയും ഇനിയും ചോദ്യംചെയ്യും.

മണികണ്ഠന്റെ ജാമ്യാപേക്ഷ പിന്നീടു പരിഗണിക്കും

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ അറസ്റ്റിലായ എറണാകുളം തമ്മനം സ്വദേശി മണികണ്ഠന്റെ ജാമ്യാപേക്ഷ ഹൈക്കോടതി പിന്നീട്ട പരിഗണിക്കാൻ മാറ്റി. കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം നൽകിയ സാഹചര്യത്തിൽ തടങ്കലിൽ തുടരേണ്ട ആവശ്യമില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് മണികണ്ഠൻ ഹർജി നൽകിയത്. എന്നാൽ സർക്കാർ ജാമ്യാപേക്ഷയെ എതിർത്തു. ജാമ്യം അനുവദിക്കരുതെന്ന് സർക്കാർ അഭിഭാഷകൻ വാദിച്ചിരുന്നു.

200 രൂപ മണിയോർഡർ

ആലുവ: ദിലീപിന് ജയിലിലെ ചെലവുകൾക്കായി 200 രൂപ മണിയോഡർ കിട്ടി. സഹോദരൻ അനൂപാണ് അയച്ചത്. ബന്ധുക്കളെയും വക്കീലിനെയും മറ്റും ഫോൺ ചെയ്യാനും കൊതുകുതിരി ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനുമാണ് തുക ഉപയോഗിക്കുക. ആഴ്ചയിൽ മൂന്ന് തവണ വരെ ഫോൺ ചെയ്യാം. മൂന്ന് നമ്പറുകളിലേയ്ക്ക് മാത്രമാണ് വിളിക്കാൻ സാധിക്കുക. ഈ നമ്പരുകൾ ജയിൽ സൂപ്രണ്ടിന് നേരത്തെ തന്നെ നൽകണം.

സ്പീക്കർക്ക് അതൃപ്തി

തിരുവനന്തപുരം: എം.എൽ.എ ഹോസ്റ്റലിൽ സ്പീക്കറോട് അനുമതി ചോദിക്കാതെ എം.എൽ.എമാരുടെ മൊഴിയെടുത്ത പൊലീസ് നടപടിയിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഡി.ജി.പി ലോക്‌നാഥ് ബെഹ്റയെ ടെലിഫോണിൽ വിളിച്ച് അതൃപ്തി അറിയിച്ചു. കത്തെഴുതിയിട്ടുണ്ട്. നിയമസഭാ സാമാജികരുടെ വാസസ്ഥലത്ത് ചെന്ന് മൊഴിയെടുക്കണമെങ്കിൽ സ്പീക്കറുടെ അനുമതി വാങ്ങണമെന്നാണ് നിബന്ധന. ഇത് പാലിക്കാതിരുന്നത് ഗുരുതരമായ അവകാശലംഘന പ്രശ്നമാണെന്നാണ് വിലയിരുത്തൽ. ഇക്കാര്യത്തിൽ നിയമസഭയുടെ ചീഫ് മാർഷലിൽ നിന്ന് സ്പീക്കർ വിശദീകരണം തേടി.

ശ്രീനാഥിന്റെ മരണം: കൂടുതൽ വെളിപ്പെടുത്തലുകൾ

പ്രത്യേക ലേഖകൻ

കൊച്ചി: നടൻ ശ്രീനാഥിന്റെ മരണം ദുരൂഹമാണെന്ന് ഭാര്യ ലതയും കുടുംബവും ആരോപിച്ചതിന പിന്നാലെ കൂടുതൽ വെളിപ്പെടുത്തലുകൾ പുറത്ത് വരുന്നു. മരണത്തിൽ അന്നേ സംശയം പ്രകടിപ്പിച്ചെങ്കിലും പൊലീസ് ലാഘവത്തോടെ പ്രവർത്തിച്ചതായി കോതമംഗലത്ത് 'ശിക്കാർ' സിനിമയുടെ ചിത്രീകരണത്തിന് സഹായങ്ങൾ നൽകിയ എച്ച്.എം.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് മനോജ് ഗോപി പറഞ്ഞു. മോഹൻലാൽ ഫാൻസ് അസോസിയേഷൻ മുൻ ജില്ലാ പ്രസിഡന്റുമാണ് അദ്ദേഹം.

ലാൽ നായകനായ 'ശിക്കാറി'ന്റെ ചിത്രീകരണത്തിന് അണിയറ പ്രവർത്തകർ ആവശ്യപ്പെട്ട പ്രകാരം ചില സഹായങ്ങൾ ചെയ്തു കൊടുത്തിരുന്നു. നായകന്റെ സുഹൃത്തായ ചായക്കടക്കാരന്റെ വേഷത്തിൽ അഭിനയിക്കാനായി ശ്രീനാഥ് മൂന്ന് ദിവസം ലൊക്കേഷനിലെത്തിയെങ്കിലും അഭിനയിപ്പിച്ചില്ല. പകരം ലാലു അലക്സിന് വേഷം നൽകി.

ശ്രീനാഥ് മരിച്ച ദിവസം ഹോട്ടൽ മുറിയിലെത്തി സിനിമയുമായി ബന്ധപ്പെട്ട രണ്ട് പേർ ഭീഷണിപ്പെടുത്തിയെന്നാണ് സൂചന.

പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരത്തിൽ ചതവുകളും മുറിവുകളും കണ്ടെത്തിയത് സംശയം ജനിപ്പിച്ചിരുന്നു. സംസ്കാര ദിവസവും ചിത്രീകരണം നടത്തിയതും അണിയറ പ്രവർത്തകർ ചടങ്ങിൽ പങ്കെടുക്കാതിരുന്നതും സംശയം വർദ്ധിപ്പിക്കുന്നതായി മനോജ് ഗോപി പറഞ്ഞു.

ഹോട്ടലിലേക്ക് ശ്രീനാഥ് കൊണ്ടുവന്ന ബാഗ്, മൊബൈൽ ഫോൺ എന്നിവ എവിടെപ്പോയെന്നത് ഇപ്പോഴും ദുരൂഹമാണ്. സംശയങ്ങൾ ദൂരീകരിക്കാൻ സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസിയെക്കൊണ്ട് കേസ് അന്വേഷിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.